പതിന്നാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.257 07.08.2017-ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെ ഒഴിവുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. കൃഷ്ണൻ | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ (ജില്ല, താലൂക്ക്, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പ്രൈമറി ഹെൽത്ത് സെന്റർ, മെഡിക്കൽ കോളേജ്) ഡോക്ടർ മാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; | (എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ അസിസ്റ്റന്റ് സർജൻ /സി.എം.ഒ തസ്തികകളിൽ 10 ഒഴിവുകളും സിവിൽ സർജൻമാരുടെ 38 ഒഴിവുകളും നിലവിലുണ്ട്. സംസ്ഥാനത്തെ മെഡിക്കൽ കേളേജ് ആശുപത്രികളിൽ ക്ലിനിക്കൽ, നോൺ ക്ലിനിക്കൽ വിഭാഗങ്ങളിലായി 394 ഡോക്ടർമാരുടെ ഒഴിവുകളുണ്ട്. |
| (ബി) ഡോക്ടർമാരുടെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; | (ബി) ഉണ്ട് |
| (സി) പ്രസ്തുത ഒഴിവുകൾ നികത്താൻ എന്തെങ്കിലും കർമ്മപദ്ധതികൾ പരിഗണനയിലുണ്ടോ; | (സി) നിലവിൽ ഒഴിവുള്ള പ്രവേശന തസ്തികയിലെ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥാനക്കയറ്റം വഴി നിയമനം നടത്തേണ്ട തസ്തികയിൽ ആയതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു . |
| (ഡി) ഡോക്ടർമാർ 5 വർഷത്തിൽ കൂടുതൽ ദീർഘകാല അവധി എടുത്തത് മൂലമുള്ള എത്ര ഒഴിവുകളുണ്ട്; പ്രസ്തുത ഡോക്ടർമാരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യാനുള്ള നടപടികൾ പരിഗണനയി ലുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) സംസ്ഥാന ആരോഗ്യ വകുപ്പിൽ ഡോക്ടർമാർ 5 വർഷത്തിൽ കൂടുതൽ ദീർഘകാല അവധി എടുത്തത് മൂലമുള്ള ഒഴിവുകളും നികത്തി നിയമനം നടത്തിയിട്ടുണ്ട്. അനധികൃതമായി വിട്ടുനിൽക്കുന്ന ഡോക്ടർമാർക്കെതിരായി വകുപ്പ് തല അച്ചടക്കനടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ